DESABHIMANI - 24-07-2024

# മത്സ്യമേഖലയിലെ സംരംഭകത്വം: ശിൽപ്പശാല തുടങ്ങി

**കൊച്ചി**

'മത്സ്യസംസ്കരണ മൂല്യവർധന മേഖലയിലെ സംരംഭകത്വ വഴികൾ' വിഷയത്തിൽ ശിൽപ്പശാലയ്ക്ക് കൊച്ചി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിൽ തുടക്കം. കോഴിക്കോട് ഐസിഎആർ–ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (ഐഐഎസ്ആർ) ഡയറക്ടർ ഡോ. ആർ ദിനേഷ് ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. ഐസിഎആർ സിഫ്റ്റിലെ ഫിഷ് പ്രോസസിങ് വിഭാഗം മേധാവി ഡോ. ജെ ബിന്ദു, ഡോ. സി ഒ മോഹനൻ, ഡോ.എസ് രമ്യ എന്നിവർ സംസാരിച്ചു.